**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4602** **29-10-2021 - ൽ മറുപടിയ്ക്ക്**

**കായലുകളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉണ്ടായ പ്രളയങ്ങളിൽ കായലുകളിൽ അടിഞ്ഞുകൂടിയ എക്കലും മണലും അടിയന്തരമായി നീക്കം ചെയ്ത് ആഴംകൂട്ടി സമീപ പ്രദേശങ്ങളിലെ വെള്ളപ്പൊക്കവും കൃഷി നാശവും തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | 2018, 2019 വർഷങ്ങളിലെ പ്രളയത്തിലും അതിനു മുൻപ് കാലാന്തരത്തിൽ ജലത്തോടൊപ്പം ഒഴുകിയെത്തിയ ചെളി/എക്കൽ എന്നിവ അടിഞ്ഞതിനാലും കായലുകളുടെ ജല സംഭരണശേഷിയിൽ കുറവ് വന്നിട്ടുളളതായി നിരീക്ഷിച്ചിട്ടുണ്ട്. 27/09/2018 തീയ്യതിയിലെ സ ഉ (സാധാ ) നം 3987/2018/ റവന്യൂ നമ്പർ സർക്കാർ ഉത്തരവിലെ നിർദേശപ്രകാരം പ്രധാന നദികളായ വളപട്ടണം പുഴ, അഞ്ചരക്കണ്ടി പുഴ, ബാവലി പുഴ എന്നീ നദികളിൽ പ്രളയത്തെ തുടർന്ന് അടിഞ്ഞു കൂടിയ മാലിന്യങ്ങളും മറ്റ് അവശിഷ്ടങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്തിട്ടുള്ളതാണ്. കൂടാതെ 2018, 2019 വർഷത്തിൽ നദികളിലും നീർച്ചാലുകളിലും അടിഞ്ഞ് കൂടിയ അവശിഷ്ടങ്ങൾ സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്തിയിട്ടുള്ളതും ആയതിനാൽ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്ത് ജലസംഭരണശേഷി കൂട്ടുന്നതിനും നീരൊഴുക്ക് മെച്ചപ്പെടുത്തുന്നതിനും തുടർന്നുള്ള കാലവർഷങ്ങളിൽ പ്രളയസാധ്യത കുറയ്ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജി.ഒ(ആർ.ടി) നം.3880/ 2019/ആർ.ഡി പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെളിയും മാലിന്യങ്ങളും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ നിർവഹണത്തിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുമതി നൽകിയിട്ടുള്ളതുമാണ്. കേരളത്തിലെ 3 റാംസർ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും പരിപാലനവും സംസ്ഥാന തണ്ണീർത്തട അതോറിറ്റി മുഖാന്തിരമാണ് നടപ്പാക്കുന്നത്. |

| | | | |
|---|---|---|---|
| | | | വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട എന്നീ കായലുകളുടെ വൃഷ്ടി പ്രദേശ സംരക്ഷണ പ്ലാൻ തയ്യാറാക്കുന്നതിനായി മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പിനെ ചുമതലപെടുത്തിയിട്ടുണ്ട്. ഈ പ്ലാൻ തയ്യാറാക്കി ആയതു നടപ്പാക്കുന്നതു വഴി ഭാവിയിൽ വൃഷ്ടിപ്രേദേശത്തു നിന്നുള്ള മണ്ണൊലിപ്പ് തടയാനാകും. വിശദമായ പഠനത്തിന് ശേഷം കായലിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥക്കു കോട്ടം തട്ടാതെ കായലുകളിൽ അടിഞ്ഞു കൂടിയ എക്കലും മണ്ണും നീക്കുന്നതിൽ തെറ്റില്ലെന്ന് കായലുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി തയ്യാറാക്കിയ, കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച, മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ പ്രതിപാദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ